DEEPIKA 01.01.2018

# മുഖവും കഴുത്തും തേനീച്ചകൾ പൊതിഞ്ഞതു നാലു മണിക്കൂർ: റിക്കാർഡ് നേട്ടവുമായി 'നേച്ചർ'




നാലു മണിക്കൂർ 10 മിനിട്ടുനേരം മുഖം മുഴുവൻ തേനിച്ചകളാൽ മൂടിയിരുന്നു റിക്കാർഡ് നേട്ടം സ്വന്തമാക്കിയ നേച്ചറിനു മന്ത്രി വി.എസ്. സുനിൽകുമാർ പുരസ്കാരം സമ്മാനിക്കുന്നു. കെ. രാജൻ എംഎൽഎ സമീപം.

**തൃശൂർ:** തേനീച്ചകളോടു കൂട്ടുകൂടി തൃശൂർ അവിണിശേരി സ്വദേശി എം.എസ്. നേച്ചർ നടന്നുകയറിയതു ലോകറിക്കാർഡിലേക്ക്. നാലു മണിക്കൂർ 10 മിനിട്ടു നേരം മുഖം മുഴുവൻ തേനിച്ചകളാൽ മൂടിയിരുന്നാണു നേച്ചർ റിക്കാർഡ് സ്വന്തമാക്കിയത്. കാർഷിക സർവകലാശാലയിൽ നടന്ന വൈഗ അന്താരാഷ്ട്ര കാർഷികമേളയിലായിരുന്നു പ്രകടനം.

നിലവിലെ റിക്കാർഡിനുടമയായ ചൈനീസ് സ്വദേശിയുടെ 53 മിനിറ്റ് 34 സെക്കൻഡ് എന്ന സമയം ബഹുദൂരം പിന്നിലാക്കിയാണു നേച്ചറുടെ നേട്ടം. നേച്ചറിന്റെ പിതാവ് സജയകുമാർ നാലുപതിറ്റാണ്ടായി തേനീച്ച കർഷകനാണ്. അതുകൊണ്ടുതന്നെ ചെറുപ്രായത്തിൽതന്നെ നേച്ചർ തേനീച്ചകളുമായുള്ള സൗഹൃദവും തുടങ്ങി. തേനീച്ചകളെ ഭയക്കുന്നവരെ ബോധവത്കരിക്കുക എന്ന ലക്ഷ്യത്തോടെയാണു മുഖം തേനീച്ചക്കൂടാക്കി മാറ്റിയ പ്രകടനവുമായി നേച്ചർ രംഗത്തെത്തിയത്.

ഗിന്നസ് പ്രതിനിധികളുടെ സാന്നിധ്യത്തിൽ രാവിലെ 9.15ന് ആരംഭിച്ച പ്രകടനം ഉച്ചയ്ക്ക് 1.25 വരെ നീണ്ടു. 250 മിനിട്ടു നേരം നേച്ചറിന്റെ മുഖത്തു തേനീച്ചകൾ പൊതിഞ്ഞു. റിക്കാർഡ് നേട്ടത്തിലെത്തിയപ്പോൾ ഈ യുവാവിന്റെ മുഖവും കഴുത്തുമാകെ പൊതിഞ്ഞത് ആറു കിലോയോളം തേനീച്ചകളാണ്. വായും ചെവിയും കണ്ണും മൂക്കുമെല്ലാം തേനീച്ചകൾ പൊതിഞ്ഞു.

റിക്കാർഡ് പ്രകടനം കാണാൻ മന്ത്രി വി.എസ്. സുനിൽകുമാർ, കെ. രാജൻ എംഎൽഎ തുടങ്ങി നിരവധി പേരെത്തിയിരുന്നു. തത്സമയം റിക്കാർഡ് പ്രഖ്യാപനവും നടത്തി.

കർണാടക ധാർവാഡ സർവകലാശാലയിലെ അഗ്രികൾച്ചറൽ ബിരുദവിദ്യാർഥിയാണു നേച്ചർ. പ്രകൃതിയെയും തേനീച്ചയെയും സംരക്ഷിച്ച് അവയ്ക്കായി ജീവിക്കുകയെന്നതാണു തന്റെ പ്രധാനലക്ഷ്യമെന്നു നേച്ചർ പറഞ്ഞു.